# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 5416      04.07.2013 ൽ മറുപടിക്ക്

### സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ലഭിക്കാനുള്ള തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2013 മാർച്ച് 31 വരെ കായംകുളം താലൂക്കാശുപത്രിക്ക് ലഭിക്കാനുള്ള തുക എത്രയെന്ന് വിശദമാക്കാമോ ; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2013 മാർച്ച് 31 വരെ കായംകുളം താലൂക്കാശു പത്രിക്ക് 1,03,60,540/- ( ഒരു കോടി മൂന്ന് ലക്ഷത്തി അറുപതിനായിരത്തി അഞ്ഞൂറ്റിനാൽപ്പത് രൂപ മാത്രം) രൂപയാണ് ലഭിക്കാനുള്ളത്. |
| (ബി) എല്ലാ മാസവും പദ്ധതിയിലൂടെ ലഭിക്കേണ്ട തുക സംബന്ധിച്ച് റിപ്പോർട്ട് ഇൻഷ്വറൻസ് കമ്പനിക്ക് ആശുപത്രിയിൽനിന്ന് അയയ്ക്കുന്നുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | (സി) നിലവിലെ ഇൻഷ്വറൻസ് കമ്പനിക്ക് ഇതു സംബന്ധിച്ച ശക്തമായ താക്കീത് നൽകുകയും ക്ലെയിം തുക ആശുപത്രികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2013 ഏപ്രിൽ, മെയ് മാസങ്ങളിലെ ക്ലെയിം തുക ജൂലൈ 10-ാം തീയതിക്കകം തീർപ്പാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. അല്ലാത്ത പക്ഷം പ്രീമിയം ഇനത്തിലുള്ള അടുത്ത ഗഡു അനുവദിക്കുന്നതല്ലെന്ന് ഇൻഷ്വറൻസ് കമ്പനിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ